പത്തനംതിട്ട ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജർ - ഡോ. ദിവ്യ എസ് അയ്യർ ഐ.എ.എസ്)

Proceedings No: DCPTA/4532/2021-DM2 തീയതി : 18/11/2021

വിഷയം :- ജില്ലാ ഭരണകൂടം, പത്തനംതിട്ട - ചക്കുളത്തുകാവ് പൊങ്കാല മഹോത്സവം 2021-2022 - 2021 നവംബർ 19 (വെള്ളിയാഴ്ച്ച) തിരുവല്ല താലൂക്കിന് പ്രാദേശിക അവധി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1. സ.ഉ (അച്ചടി) നമ്പർ 327/2002/പൊ.ഭ.വ, തീയതി 04.10.2002

2. തിരുവല്ല റവന്യൂ ഡിവിഷണൽ ആഫീസറുടെ 17.11.2021 ലെ എ 4/4250/2021 നമ്പർ കത്ത്.

2021-2022 കാലയളവിലെ ചക്കുളത്തുകാവ് പൊങ്കാല മഹോത്സവം 2021 നവംബർ 19 (വെള്ളിയാഴ്ച്ച) കൊണ്ടാടുന്നതിൽ, പൊങ്കാല ദിവസത്തെ റോഡിലെ വാഹനതിരക്ക് ഒഴിവാക്കുന്നതിനും, തിരുവല്ല താലൂക്കിലെ സ്റ്റേറ്റ് ഹൈവേയുടെ അരികിലുള്ള ഓട നിർമ്മാണംമൂലം ഗതാഗതകുരുക്ക് രൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ പൊങ്കാലയിടുന്ന ഭക്തജനങ്ങൾക്ക് സുഗമമായി ക്ഷേത്രത്തിൽ എത്തിച്ചേരുന്നതിനും പൊങ്കാല ദിവസമായ 2021 നവംബർ 19 (വെള്ളിയാഴ്ച്ച) തിരുവല്ല താലൂക്കിന് പ്രാദേശിക അവധി പ്രഖ്യാപിക്കണമെന്ന് പരാമർശം (2) പ്രകാരം തിരുവല്ല റവന്യൂ ഡിവിഷണൽ ആഫീസർ അപേക്ഷിച്ചിട്ടുള്ളതാണ്.

ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ 2021-2022 കാലയളവിലെ ചക്കുളത്തുകാവ് പൊങ്കാല മഹോത്സവം 2021 നവംബർ 19 (വെള്ളിയാഴ്ച്ച) കൊണ്ടാടുന്നതിൽ അന്നേ ദിവസം തിരുവല്ല താലൂക്കിന് പ്രാദേശിക അവധി പ്രഖ്യാപിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു

കൊവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾക്കും, പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും, മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള പരീക്ഷകൾക്കും ഈ അവധി ബാധകമല്ല.

Digitally signed by
DR.DIVYA.S.IYER IAS
Date:Thu Nov 18 12:49:40 IST 2021
Reason: Approved

ജില്ലാ കളക്ടർ

പകർപ്പ് -

1. ജില്ലാ പോലീസ് മേധാവി, പത്തനംതിട്ട
2. റവന്യൂ ഡിവിഷണൽ ആഫീസർ, തിരുവല്ല
3. തഹസിൽദാർ, തിരുവല്ല
4. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), പത്തനംതിട്ട

5. ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസ വകുപ്പ്, തിരുവല്ല, പത്തനംതിട്ട
6. ജില്ലാ ഇൻഫർമേഷൻ ആഫീസർ, പത്തനംതിട്ട
7. ജില്ലാ ഇൻഫർമാറ്റിക്ക്സ് ആഫീസർ, പത്തനംതിട്ട
8. ജില്ലാ കളക്ടറുടെ സി.എ
9. കരുതൽ ഫയൽ/ അധിക പകർപ്പ്/ ആഫീസ് പകർപ്പ് (ഡി.എം2)

This is an E-Office Document, does not require Signature in ink.